## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6192 10.07.2012-ൽ മറുപടിയ്ക്ക്

## ജില്ലാ കേന്ദ്രങ്ങളിൽ ഗവൺമെന്റ് പ്രസ്സുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. തോമസ് ഉണ്ണിയാടൻ**<br>**,, റ്റി. യു. കുരുവിള**<br>**,, മോൻസ് ജോസഫ്** | **ശ്രീ.കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഗവൺമെന്റ് പ്രസ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ പ്രസ്സുകൾ നിലവിലില്ല. തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ സർക്കാർ പ്രസ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു. മറ്റ് ജില്ലകളിൽ സർക്കാർ പ്രസ്സ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) നിലവിലുള്ള ഗവൺമെന്റ് പ്രസ്സുകളിൽ ആധുനിക മെഷീനുകൾ സ്ഥാപിക്കുകയും ജീവനക്കാർക്ക് ആവശ്യമായ ആധുനിക സൗകര്യങ്ങൾ നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി നിലവിലുള്ള ഗവൺമെന്റ് പ്രസ്സുകളിൽ ആധുനിക യന്ത്രങ്ങൾ ബഡ്ജറ്റ് വിഹിതമനുസരിച്ച് വാങ്ങി സ്ഥാപിച്ചുവരുന്നു. ജീവനക്കാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(signature)
സെക്ഷൻ ഓഫീസർ